ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനാൽ ട്രൈബ്യൂണലുകൾ നിർത്തലാക്കിയതുകൊണ്ട് യാതൊരു പ്രയാസവും ഉണ്ടാകാൻ പോകുന്നില്ല. കഴിയുന്നതുംവേഗം അതിൽ അവശേഷിക്കുന്ന മുഴുവൻ കേസുകളിലും തീരുമാനം ഉണ്ടാക്കണം എന്ന നിലയിലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. അതുകൊണ്ട് ഒരാശങ്കയുടെയും ആവശ്യമില്ല.

(7) പി.എം.ആർ.വൈ. പദ്ധതി

ശ്രീ. എം.വി. ജയരാജൻ : സർ, കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ 1993 മുതൽ നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് പി.എം.ആർ. വൈ. എസ്.എസ്.എൽ.സി. വിദ്യാഭ്യാസയോഗ്യതയുള്ളവർ സ്വന്തമായി ഒരു തൊഴിൽ കണ്ടെത്താൻവേണ്ടി ബാങ്ക് വായ്പ നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. ജില്ലാകളക്ടർ ചെയർമാനായ ദേശസാൽകൃത ബാങ്കുകളുടെ പ്രതിനിധികളും, വ്യവസായ വകുപ്പിന്റെ പ്രതിനിധികളും മറ്റും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയാണ് ഇതു സംബന്ധിച്ചു ലഭിക്കുന്ന അപേക്ഷകൾ സ്ക്രൂട്ടിനി നടത്തി തീരുമാനം എടുക്കുന്നത്. കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ കാർഷിക, വ്യാവസായിക മേഖലകളിൽ മുതൽമുടക്കിനു കാണിക്കുന്ന വിമുഖത ഈ രംഗത്തും വളരെയേറെ പ്രകടമാണ്. ഒരുലക്ഷത്തോളം രൂപ മാത്രമാണ് വായ്പയായി കൊടുക്കുന്നത്. ഈ വർഷത്തെ കണക്ക് മാത്രം പരിശോധിച്ചാൽ 1997-98-ൽ 69,929 പേർ അപേക്ഷ സമർപ്പിച്ചിരുന്നുവെന്ന് കാണാം. 1999 മാർച്ച് മാസം 31-വരെ ഏതാണ്ട് 5,000 ത്തോളം ആളുകൾക്ക് മാത്രമാണ് വായ്പ കൊടുത്തത്. അപേക്ഷയുടെ ഏതാണ്ട് ആറു ശതമാനം പേർക്കുപോലും വായ്പ കൊടുക്കുന്നില്ല എന്നുള്ളതാണ് ബാങ്കുകളുടെ നിലപാട്. വളരെ ധിക്കാരപരമായ നിലപാടാണ് ബാങ്കുകൾ കാണിച്ചുകൊണ്ടിരിക്കുന്നത്. 1993 ൽ ഇത് തുടങ്ങിയപ്പോൾ 13,287 അപേക്ഷ ഉണ്ടായിരുന്നു. അന്ന് 1,002 പേർക്കാണ് ലോൺ കൊടുത്തത്. അപേക്ഷയില്ല, വായ്പയ്ക്ക് ഡിമാന്റില്ല എന്നു പറയുന്നത് തികച്ചും നിരർത്ഥകമായിട്ടുള്ള വാദമാണ്. എസ്.എസ്. എൽ.സി. പാസ്സായിട്ടുള്ള 22 ലക്ഷത്തിലധികം വരുന്ന തൊഴിൽരഹിതരായിട്ടുള്ളവർ കേരളത്തിൽ ഉണ്ടെന്നാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കണക്ക്. കേരളത്തിലെ തൊഴിൽസാധ്യത 11,62,000 ആണ്. സ്വയംതൊഴിൽ കണ്ടെത്തൽ സംരംഭങ്ങളോട് ബാങ്കുകൾ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചാൽ കേരളത്തിലുള്ള തൊഴിൽരഹിതർ എന്തു ചെയ്യും? വളരെ ഗൗരവതരമായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ് ഈരംഗത്തുള്ളത്. അതുകൊണ്ടു സ്റ്റേറ്റ് ലവൽ ബാങ്കിംഗ് കമ്മിറ്റിയുടെ കൂടി ചുമതല വഹിക്കുന്ന ഉത്തരവാദിത്വമുള്ള ധനകാര്യ വകുപ്പുമന്ത്രി ഇതിൽ ഇടപെടണം. അർഹരായ അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതിനും ബാങ്കുകളുടെ സമീപനം തിരുത്തിക്കുന്നതിനുംവേണ്ടിയുള്ള സമ്മർദ്ദം ഗവൺമെന്റ് ചെലുത്തണമെന്നാണ് എനിക്ക് അഭ്യർഥിക്കുവാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1993 ഒക്ടോബർ മാസം രണ്ടാം തീയതിയാണ് പി.എം.ആർ.വൈ പദ്ധതി നിലവിൽ വന്നത്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ പദ്ധതിയുടെ കേരളത്തിലെ നേട്ടം താഴെപറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

1993-94 ൽ 2,155 ഉപഭോക്താക്കളെ തെരഞ്ഞെടുക്കാനാണ് ലക്ഷ്യമി ട്ടിരുന്നതെങ്കിലും 1595 പേർക്കാണ് വായ്പ കൊടുത്തത്. അനുവദിച്ചത് 730.50 ലക്ഷം രൂപയാണ്. നേട്ടം 57%. 1994-95 ൽ ലക്ഷ്യം 15,000, വായ്പ കൊടുത്തത് 11,000. അനുവദിച്ച തുക 5,122 ലക്ഷം, 74.15 ശതമാനം. 1995-96 ൽ ലക്ഷ്യം 15,000, വായ്പ കൊടുത്തത് 14,337, കൊടുത്ത പണം 7437.53 ലക്ഷം രൂപ, നേട്ടം 95.58% , 1996-97 ൽ ലക്ഷ്യം 15,000, വായ്പ കൊടുത്തത് 14,868, അനുവദിച്ച തുക 8399.22 ലക്ഷം രൂപ. നേട്ടം 98 ശതമാനംമാണ്, 1997-98 ൽ ലക്ഷ്യം 16,000, വായ്പ കൊടുത്ത രൂപ 14,868, അനുവദിച്ചത് 8252.92 ലക്ഷം രൂപ, 92.95 ശതമാനം ആണ് അച്ചീവ്മെന്റ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ പുരോഗതി മുൻ വർഷങ്ങളെ അപേക്ഷിച്ചു മെച്ചമായിരുന്നു. 1998-99 ലെ ലക്ഷ്യം ഇരുപതിനായിരം ഗുണഭോക്താക്കളെ തെരഞ്ഞെടു ക്കണം എന്നാണ് അതിൽ 11,316 ഗുണഭോക്താക്കളെ തെരഞ്ഞെടു ത്തെങ്കിലും അയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ടു പേർക്ക് മാത്രമാണ് 28-2-1999 വരെ വായ്പകൾ വിതരണം ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടി ട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ബാങ്ക് ശാഖയും അനുവദിക്കേണ്ടതിന്റെ ഒന്നര ഇരട്ടി അപേക്ഷകളാണ് ശുപാർശ ചെയ്യപ്പെടുന്നത്. അതിനാൽ എല്ലാ കേസ്സുകളും ബാങ്കുകൾ അനുവദിക്കുന്ന പതിവില്ല. മറ്റൊരു ഘടകം ഒരു സ്ഥലത്ത് ഒരേ തോതിലുള്ള കൂടുതൽ അപേക്ഷകർക്ക് വായ്പ അനുവദിക്കാൻ ബാങ്കു കൾ വിമുഖത കാട്ടുന്നതാണ്.നൽകുന്ന വായ്പകൾ യഥാസമയം തിരിച്ചട യ്ക്കുന്നില്ല എന്നും ബാങ്കുകൾക്ക് ആക്ഷേപമുണ്ട്. വായ്പകൾ തിരിച്ചടപ്പി ക്കുന്നതിനും കൂടുതൽ പേർക്ക് വായ്പ അനുവദിക്കുന്നതിനും ബാങ്കുക ളുടെ യോഗത്തിലും വകുപ്പുതലത്തിലും നിരന്തരമായി ഗവൺമെന്റ് സമ്മർദം ചെലുത്തിവരികയാണ്. പി.എം.ആർ.വൈ. പ്രകാരം വായ്പ ലഭിക്കുന്നതിനുള്ള യോഗ്യത നിശ്ചയിക്കുന്നതിലും അനുവദിക്കാവുന്ന പ്രോജക്ടുകളിലും തുകയിലും 22.1.1999-ലെ ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പി.എം.ആർ.വൈ പദ്ധതിയെക്കു റിച്ച് ഊർജ്ജിതമായ ബോധവൽക്കരണം നടത്തുന്നതിന് സംസ്ഥാന ജില്ലാ ബ്ലോക്ക് തലത്തിൽ സെമിനാർ, വർക്ക്ഷോപ്പ്, സർവ്വേ പരിശീലനം തുടങ്ങി യവയ്ക്കായി അൻപത് ലക്ഷം രൂപ ചെലവുവരുന്ന വിവിധ പരിപാടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഈ പദ്ധതി കൂടുതൽ ആളുകളുടെ ഇടയിലേയ്ക്കും കൂടുതൽ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്താനും ബാങ്കുകൾക്കുകൂടി സ്വീകാര്യമായരീതി യിൽ കൂടുതൽ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും കഴിയും. അപ്രകാരം ചെയ്താൽ വായ്പകൾ അനു വദിക്കുന്നതിന് ഇപ്പോൾ ബാങ്കുകൾക്കുള്ള വൈമുഖ്യം ഒരു പരിധിവരെ ഒഴിവാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(8) നേമം മണ്ഡലത്തിലെ എം.എൽ.എ. റോഡിന്റെ നിർമ്മാണം

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : സർ, നേമം നിയോജകമണ്ഡല ത്തിലെ മൊട്ടമൂട്- ഇടമല-മലയം റോഡ് പണി ആരംഭിച്ചത് 1990-ൽ ആണ്. പള്ളിച്ചൽ, മലയിൻകീഴ്, വിളവൂർക്കൽ പഞ്ചായത്തുകളിൽകൂടി കടന്നുപോ കുന്ന ഈ റോഡ് 1993-ൽ എം.എൽ.എ. റോഡ് ആയി ഏറ്റെടുത്തു. ഈ

LIBRARY ARCHIVES Kerala Legislative Assembly